# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 52
28-11-2018-ലെ മറുപടിയ്ക്ക്

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| **ചോദ്യം**<br>**ശ്രീ. പി. കെ. ബഷീർ** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായും സാലറി ചലഞ്ച് മുഖേനയും മറ്റും നാളിതുവരെ എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി 23.11.2018 വരെ 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി) അപ്രകാരം ലഭിച്ച തുകയിൽ എത്ര തുക ദുരിതബാധിതർക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്തുവെന്നതിന്റെയും ആയിനത്തിൽ എത്ര തുക ബാക്കിയുണ്ടെന്നതിന്റെയും ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ; | 26.11.2018 വരെ പ്രളയദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് **592.40** കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|
| തിരുവനന്തപുരം | 17552200 | 17372400 | 179800 |
| കൊല്ലം | 43474600 | 40380500 | 3094100 |
| പത്തനംതിട്ട | 327626600 | 321209600 | 6417000 |
| ആലപ്പുഴ | 1031339000 | 103133900 | ഇല്ല |

| | | | |
|---|---|---|---|
| കോട്ടയം | 538036000 | 454085000 | 83951000 |
| ഇടുക്കി | 65906000 | 274559800 | 38446200 |
| എറണാകുളം | 1199377600 | 1107375800 | 92001800 |
| തൃശ്ശൂർ | 841860800 | 780778400 | 61082400 |
| പാലക്കാട് | 951689900 | 53803000 | 897886900 |
| മലപ്പുറം | 251850200 | 245234800 | 6615400 |
| കോഴിക്കോട് | 153193800 | 152978800 | 215000 |
| വയനാട് | 500230500 | 49740000 | 450490500 |
| കണ്ണൂർ | 1816600 | 1810400 | 6200 |
| കാസർഗോഡ് | 80600 | ഇല്ല | 80600 |
| | | | |

| | |
|---|---|
| സി) വെള്ളപ്പൊക്ക ദുരന്തത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പലർക്കും നാളിതുവരെ സർക്കാർ പ്രാഥമികമായി പ്രഖ്യാപിച്ച പതിനായിരം രൂപയുടെ ധനസഹായം പോലും ലഭിച്ചിട്ടില്ല എന്നും നിരവധി അനർഹർ ധനസഹായം വാങ്ങിയെടുത്തുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹർക്ക് സഹായം എത്തിക്കുന്നതിനും അനർഹരിൽ നിന്നും തുക തിരിച്ച് പിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | പ്രളയദുരിതാശ്വാസത്തിന് ധനസഹായം ലഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ തഹസിൽദാർക്ക് നൽകാവുന്നതും, തുടർന്നും പരാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻകൂടിയായ ജില്ലാ കളക്ടർക്ക് പരാതി നൽകാവുന്നതുമാണ്. അനർഹരായവർ കൈപ്പറ്റിയ സംഭാവനകൾ ജില്ലാ കളക്ടർ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| ഡി) വെള്ളപ്പൊക്ക ദുരന്തത്തിൽ വീടുൾപ്പെടെ നഷ്ടപ്പെട്ട കുടുംബങ്ങളുടെയും കച്ചവടസ്ഥാപനങ്ങൾ മറ്റ് ജീവനോപാധികൾ എന്നിവ നഷ്ടപ്പെട്ട് പ്രയാസപ്പെടുന്നവരുടെയും | പ്രളയദുരന്തവുമായി ബന്ധപ്പെട്ട് അടിയന്തിരസഹായമായും വീട് പുനർനിർമ്മാണത്തിനുമായും 24.11.2018 വരെ 592.40 കോടി രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. വീടുകൾ പുതുക്കി പണിയുന്നതിനായി 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും അനുവദിക്കും. കുടുംബശ്രീ വഴി ലഭ്യമാകുന്ന ഒരു ലക്ഷം രൂപയുള്ള വായ്പയുടെ പലിശയായ 9% മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് അനുവദിക്കുന്നത്. |

| | |
|---|---|
| ഉന്നമനം ലക്ഷ്യമാക്കി ബാക്കി ഫണ്ട് എങ്ങനെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**